അഗതി കേരളം പദ്ധതിയിൽ വീടും സ്ഥലവുമില്ലാത്ത 9 ഗുണഭോക്തൃ കുടുംബങ്ങളും വീടില്ലാത്ത 24 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. പദ്ധതിയിൽ ഭൂരഹിതരായ 9 കുടുംബങ്ങൾക്ക് ഭൂമി വാങ്ങാനായി 13.5 ലക്ഷവും ഭവനരഹിതരായ 24 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 96 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്തതിനാൽ പ 33 അഗതി കുടുംബങ്ങളുടെ സ്വന്തമായി ഭൂമി പാർപ്പിടമെന്ന ആവശ്യം അഗതി കേരളം പദ്ധതിയിലൂടെ തന്നെ ഗ്രാമപഞ്ചായത്ത് നിറവേറ്റണ്ടതുണ്ട്. എന്നാൽ പദ്ധതി ആരംഭിച്ച് രണ്ടാം വർഷം അവസാനിക്കാറാവുമ്പോൾ അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനായുള്ള പരിചരണ സേവനങ്ങളിലെ പ്രധാന പ്രവർത്തനം നടപ്പിലാക്കാനായ പരിശ്രമം എവിടേയുമെത്തിയിട്ടില്ല.

സ്ഥാപനതലത്തിൽ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനുള്ള വിലയിരുത്തൽ സമിതി നിലവിലുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് പ്രവർത്തനത്തിന്റെ നിരന്തര വിലയിരുത്തലിന് മേൽനിർദ്ദേശിച്ച രീതിയിലുള്ള ഉപസമിതി രൂപീകരിച്ചിട്ടില്ല. മാത്രമല്ല അഗതികേരളം പദ്ധതി പ്രവർത്തനം തുടങ്ങിയ ശേഷം വിലയിരുത്തൽ സമിതിയും യോഗം ചേർന്നിട്ടില്ല. രണ്ടു മാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ നിർദ്ദേശമുള്ളതാണ്. പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ട നേട്ടങ്ങൾ സമയബന്ധിതമായി കൈവരിക്കാൻ നിലവിലെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പദ്ധതി പ്രവർത്തനത്തിന് വിവിധ സ്രോതസ്സുകളിലൂടെ ശേഖരിക്കേണ്ട ഫണ്ട് കണ്ടെത്താനും പ്രധാന വെല്ലുവിളിയായി മുമ്പിലുള്ള ഭൂരഹിത ഭവന രഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും പദ്ധതി നടത്തിപ്പിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്താനും ഭരണ സമിതിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ് .

അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 09/2021 തീയതി 10.03.2021 പ്രകാരം ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി.

## 1-14 തൊഴിൽ നികുതി അപാകതകൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ചുവടെ പട്ടികയിൽ ചേർത്ത ജീവനക്കാരനിൽ നിന്നും അവരുടെ വരുമാനത്തിനനസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | പേര് & തസ്തിക | സ്ഥാപനം | അർദ്ധവർഷം&വരുമാനം | ഈടാക്കിയതുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീ. നസീഫ്.NK ജൂനി.ക്ലർക്ക് | മങ്കട പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | II Half, 158555/- | 1000 | 1250 | 250 |

2) മാവേലി സ്റ്റോർ പടിഞ്ഞാറ്റുമുറി, ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങളുടെ 2019-20 ലെ ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി അടവാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പട്ടികയിൽ ചേർത്ത കാലയളവിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ് പടിഞ്ഞാറ്റുമുറി | II | |
| 2 | പോസ്റ്റ് ഓഫീസ് വള്ളിക്കാപ്പറ്റ | II | |
| 3 | റോളക്സ് ഹോട്ടൽ | II | |
| 4 | മബ്റൂഖ് ഓട്ടോഗാരേജ് | II | |
| 5 | ബി.എസ്.എൻ.എൽ പള്ളിപ്പുറം | I,II | |

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി നം. 1/തീയതി 3-3-21)

## 1-15 വിള പരിപാലനം പച്ചക്കറി- 13,500 രൂപ തിരിച്ചടവാക്കി

2019-20 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിള പരിപാലനം പച്ചക്കറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/പേര്<br>അടങ്കൽ- | 321/19-20 വിള പരിപാലനം-പച്ചക്കറി<br>1,63,125 വികസന ഫണ്ട്<br>51,500 ഗുണഭോക്തൃ വിഹിതം<br>ആകെ 2,14,625 |
| ചെലവ് | 2,14,625 രൂപ (ഗുണഭോക്തൃ വിഹിതം ഉൾപ്പടെ |

പ്രളയം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് പച്ചക്കറി കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ജൈവവളത്തിന് സബ്സിഡി നൽകുന്നതാണ് പ്രോജക്റ്റ്. ജൈവവളം അംഗീകാരമുള്ള സ്ഥലങ്ങളിൽ നിന്നും വാങ്ങി ബില്ല് കൃഷി ഭവനിൽ ഹാജരാക്കുന്ന മുറയ്ക്ക് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 75% സബ്സിഡി തുക നൽകുന്നു. സ.ഉ.(കൈ )നം.22/2018/ത.സ്വ.ഭവ. 14-2-18 പ്രകാരം ജൈവ വളത്തിന് 75ശതമാനം പ്രകാരമാണ് സബ്സിഡി അനുവദിച്ചത്.

മേൽ പ്രോജക്റ്റിന്റെ ഭാഗമായി ബിൽ നമ്പർ 19/19-20 തി. 11-2-2020 പ്രകാരം വികസന ഫണ്ടിൽ നിന്നും 33,750 രൂപ പിൻവലിക്കുകയും മൂന്ന് ഗുണഭോക്താക്കൾക്കായി സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. അബ്ദുറഹ്മാൻ കണ്ണച്ചെത്ത്, മങ്കട പള്ളിപ്പുറം എന്ന ഗുണഭോക്താവ് സ്വാശ്രയ കർഷക സമിതി മങ്കടയിൽ നിന്നും 2000 രൂപയ്ക്ക് ജൈവവളം വാങ്ങിയിട്ടുണ്ട്. (ബിൽ നമ്പർ 19/11-2-20). ഉടമയുടെ സമ്മത പത്രപ്രകാരം അബ്ദുറഹ്മാന് പാട്ടത്തിന് നൽകിയ 10 സെന്റ് സ്ഥലത്താണ് (കൂട്ടിലങ്ങാടി വില്ലേജ് സർവേ നമ്പർ 67/3) ടിയാൻ പാട്ടകൃഷി ചെയ്തിട്ടുള്ളത്. സ.ഉ (കൈ) നം.22/2028/ ത.സ്വ.ഭ വ തി.. 14-2-2018 സബ്സിഡി ധനസഹായങ്ങൾക്കുള്ള മാർഗരേഖ പ്രകാരം ടിയാന് അനുവദിക്കാവുന്ന സബ്ഡിഡി 1500 രൂപയാണ്. എന്നാൽ ടിയാന്റെ അക്കൗണ്ടിലേക്ക് 15000 രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും നൽകിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 40143100312084 കേരള ഗ്രാമീണ ബാങ്ക് കൂട്ടിലങ്ങാടി).

ഓഡിറ്റ് എൻക്വയറി നമ്പർ 3/5-3-2021 നൽകിയതിനെ തുടർന്ന് അധികമായി അനുവദിച്ച 13,500 രൂപ രശീതി നമ്പർ 120040107220/05-03-2021 പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. ആയത് വികസന ഫണ്ടിലേക്ക് അടവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കണം

2019-20 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി 18 പ്രോജെക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്.ആയതിന് താഴെ പറയും പ്രകാരം വിവിധ ഫണ്ടുകളിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | വികസന ഫണ്ട് | വികസനഫണ്ട് എസ് സി പി | തനത് ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| അടങ്കൽ | 2858402 | 1009000 | 877703 | 85000 | 1138535 | 5968640 |
| ചെലവ് | 2184312 | 106925 | 5225 | 28900 | 616887 | 2942249 |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

പൊതുമരാമത്ത് മേഖലയിൽ 2019-20 വാർഷിക പദ്ധതിയിൽ വിവിധ സ്രോതസ്സുകളിൽ നിന്നായുള്ള 4.849കോടി രൂപ അടങ്കൽ വരുന്ന 186 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയത്. മേഖലയിലെ ആകെ ചെലവ് 3.127കോടിയാണ്. മരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കാണിക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശവും നിലനിൽക്കുകയാണ്.

2.ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തക്കുറവ്

ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്താം വർദ്ധിപ്പിക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ അനിവാര്യമാണ്. ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളിൽ കൂടുതൽ കരാറുകാർ പങ്കെടുക്കുകയും എസ്റ്റിമേറ്റ് നിരക്കിലും താഴെ പ്രവർത്തികൾ പോകുമ്പോൾ 5 ലക്ഷത്തിന് താഴെയുള്ളവയിൽ രണ്ട് കരാറുകാരാണ് പങ്കാളികളായി കാണുന്നത്. 2019-20ൽ ടെൻഡർ ചെയ്ത 5 ലക്ഷത്തിന് താഴെയുള്ള 129 പ്രവൃത്തികളിൽ രണ്ട് കരാറുകാർ വീതമാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ, മിനി ഹൈമാസ്റ്റ് സ്ഥാപിക്കൽ പ്രവൃത്തികളിലാണ് രണ്ടിലധികം കരാറുകാർ പങ്കെടുത്തിട്ടുള്ളതും പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലും കുറവിൽ അവാർഡ് ചെയ്യാനുമായത്. സ്ഥാപനത്തിന് പുറത്ത് വെച്ച് കരാറുകാർ പ്രവൃത്തികൾ വീതം വെച്ചെടുക്കാനുള്ള പ്രവണതയാണ് ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തകുറവിലൂടെ സംഭവിക്കുന്നത്. ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് കൂടുതൽ മത്സരാധിഷ്ഠിതമാക്കാനുള്ള നടപടികളുണ്ടാകേണ്ടതാണ്.

3. ഇ- ടെൻഡർ ഫോറം വില ഈടാക്കാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എകൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്.

ഇ-ടെൻഡർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് വന്ന തുക ലഭിക്കാൻ നടപടി സ്വീകരിക്കാൻ മുൻറിപ്പോർട്ടിലും പരാമർശിച്ചതാണ്. 2019-20 വർഷത്തിൽ ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

1.142/20: കുട്ടിലങ്ങാടി ജി യു പി സ്കൂൾ പുനരുദ്ധാരണം, അടങ്കൽ: 6 ലക്ഷം

2.231/20: പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം, അടങ്കൽ: 15 ലക്ഷം

3.235/20: വെളുത്തേമന മേതുകാവിൽ റോഡ് പുനരുദ്ധാരണം, അടങ്കൽ: 7 ലക്ഷം

4.241/20: പഞ്ചായത്ത് പൊതുശ്മശാനം നവീകരണം, അടങ്കൽ: 8.69 ലക്ഷം

5.143/20: പടിഞ്ഞാറ്റുമുറി ജി യു പി സ്കൂൾ പുനരുദ്ധാരണം, അടങ്കൽ: 6 ലക്ഷം

6.279/20: കോതലാക്കൽ യത്തീംഖാന റിംഗ്റോഡ് പുനരുദ്ധാരണം, അടങ്കൽ: 8.5 ലക്ഷം

7.281/20: ജി യു പി സ്കൂൾ വള്ളിക്കപ്പറ്റയിൽ ശുചിമുറി നിർമ്മാണം, അടങ്കൽ: 5 ലക്ഷം

8.282/20: പാറടിക്കനാട് അംഗനവാടി കെട്ടിട നിർമ്മാണം, അടങ്കൽ: 13ലക്ഷം

9.314/20: പൂഴിക്കുന്ന് കുടിവെള്ള പദ്ധതി, അടങ്കൽ: 10ലക്ഷം

10.317/20: പടിഞ്ഞാറ്റുമുറി പനമ്പറ്റ റോഡ് നവീകരണം, അടങ്കൽ: 12ലക്ഷം

2016-17 മുതലുള്ള ഇ-ടെൻഡർ നടപടിയിലൂടെ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ടെൻഡർ ഫോറം വില ശേഖരിക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

4.വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കാത്തത്

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996 സെക്ഷൻ 3(3) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാവുന്നതാണ്. കളക്ഷൻ ചാർജ് ശേഖരിക്കാനുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

5.കരാർ പ്രകാരമുള്ള ടെൻഡർ കുറവ് ഈടാക്കാത്തത്

2019-20 വാർഷിക പദ്ധതിയിലുൾപ്പെടുന്ന 65/19 നമ്പർ പ്രോജക്ട് കുട്ടിലങ്ങാടി പാറടി റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ കരാർ പ്രകാരമുള്ള ടെൻഡർ കുറവ് ഈടാക്കാത്തതിനാൽ കരാറുകാരന് അധിക തുക അനുവദിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് 4.9 ലക്ഷം രൂപ അടങ്കലുള്ള (DSR2016, കോസ്റ്റ് ഇൻഡക്സ് 37.25) പ്രവൃത്തിയി ടെൻഡർ ചെയ്തതിൽ പ്രകാരം ലഭിച്ച രണ്ട് ടെൻഡറുകളിൽ കരാറുകാരൻ ശ്രീ എൻ കെ ബഷീറിന്റെ എസ്റ്റിമേറ്റ് നിരക്കിലും 1% കുറവുള്ളതാണ് അംഗീകരിച്ചത്. മൂല്യനിർണ്ണയ തുക 4.9 ലക്ഷത്തിൽ പരിമിതപ്പെടുത്തി നിയമപ്രകാരമുള്ള നികുതി റിക്കവറികൾ നടത്തി തുക അനുവദിച്ചപ്പോൾ 4900രൂപ കരാറുകാരന് അധികം അനുവദിച്ചത് ഓഡിറ്റ് എൻക്വയറി 08/2021 തീയതി 09.03.2021 പ്രകാരം ചെലവ് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 10.03.2012 ന് തിരിച്ചടവാക്കുകയുണ്ടായി.

## 1-18 കലക്ടേഴ്സ് @ സ്കൂൾ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

മാലിന്യം വേർതിരിച്ച് കൈമാറുന്നതിനുള്ള ശീലം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനും അതിലൂടെ വസ്തുക്കളുടെ പരമാവധി പുനരുപയോഗവും പുന:ചക്രമണവും സാധ്യമാക്കി പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്ന ശുചിത്വശീലങ്ങൾ വിദ്യാർത്ഥികളിലൂടെ വീടിനും നാടിനും സമൂഹത്തിനും പകർന്ന് കൊടുക്കുക എന്നതിലേക്കാണ് കലക്ടേഴ്സ് @ സ്കൂൾ പദ്ധതി ലക്ഷ്യമിടുന്നത്. കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 3,56,000/- രൂപയിൽ അടങ്കലിൽ തയ്യാറാക്കിയ ഈ പ്രൊജക്റ്റിനായി 3,32,160 രൂപ സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | വേസ്റ്റ് ബിൻ സൈസ് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | 25/15.03.2020 | 0.45mx0.45mx0.80m | 52 | 4,940 | 2,56,880 |
| | | 0.60x0.60mx1.20m | 08 | 6,940 | 55,520 |
| 2 | 01/26.03.2020 | 0.45mx0.45mx0.80m | 04 | 4,940 | 19,760 |
| | ആകെ | | 64 | | 3,32,160 |
| Voucher No. 21901259/26.03.2020: 3,18,872/-(നികുതികൾ ഒഴിവാക്കി അറ്റ തുക ) | | | | | |

പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. IT(2%), CGST (1%), SGST (1%) യഥാക്രമം 6,644, 3322, 3322രൂപ വീതം കുറവ് വരുത്തിയാണ് ഏറ്റവും കുറഞ്ഞ നിരക്ക് നല്കിയ അഫ്സൽ മെറ്റൽസ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് തുക നല്കിയിട്ടുള്ളത്. എന്നാൽ ആയത് അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 16.01.2019 ലെ A2/161/2020 ക്വട്ടേഷൻ പ്രകാരം LP/UP വിഭാഗത്തിന് 56 എണ്ണവും (0.45mx0.45mx0.80m Size) HS/HSS വിഭാഗത്തിന് 08 എണ്ണവും (0.60x0.60mx1.20m Size) വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുന്നതിനാണ്. ഹാജരാക്കിയ ഇൻവോയ്സിൽ ഇവ യഥാക്രമം 120x80cm, 150x60cm എന്ന് കാണുന്നു. ഇതിൽ നിന്നും ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേനിലുള്ള വേസ്റ്റ് ബിന്നുകളല്ല വിതരണം ചെയ്തിട്ടുള്ളത്..

06/09.02.2021 നമ്പർ സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക തടസം ചെയ്യുന്നു.

## 1-19 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സർക്കുലർ നം.ഡി.എ1/17/2019/ത.സ്വ.ഭ.വ. തീയതി 21-2-2019 കുട്ടിലങ്ങാടി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുന്നതിനായി 286/20 നമ്പറായി അംഗീകാരം ലഭിച്ച പദ്ധതിയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് 2,37,652/- രൂപ വൗച്ചർ നമ്പർ 21900932/18.09.2019 പ്രകാരം പിൻവലിച്ച് കെ.എസ്.ഇ.ബി, മക്കരപറമ്പിന് നല്കിയിട്ടുണ്ട്. 21.11.2019 ന് കെ.എസ്.ഇ.ബി യുമായി ചമച്ച കരാറുംപടി പ്രകാരം 31.03.2020 ന് പൂർത്തീകരിക്കേണ്ടുന്ന പ്രവർത്തി നാളിതുവരെ പൂർത്തീകരിച്ച് വിനിയോഗവിവരം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിയുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 06/9-3-21 )

## 1-20 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (അടങ്കൽ 250,000/- )ബിൽ 02/31.01.2020 ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് 2,50,000/- രൂപയും പരിരക്ഷ മരുന്ന് വാങ്ങൽ പദ്ധതിയിൽ 60,000/- രൂപയും (തനത് ഫണ്ട് Cheque No. 6478018/06.02.2020) KMCL ന് മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതി വരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

<u>ലഭിച്ച മരുന്നുകളുടെ വിവരം</u>

| ക്രമ നമ്പർ | പ്രൊജക്റ്റ് 51/20 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | | 53/20 പരിരക്ഷ മരുന്ന് വാങ്ങൽ | |
|---|---|---|---|---|
| | ഇൻവൊയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| 1 | 435/11.04.20 | 34,809 | 1092/10.07.20 | 14,412 |
| 2 | 597/16.04.20 | 80,513 | 1591/05.09.20 | 13,966 |
| 3 | 3417/29.05.20 | 13,181 | 2280/04.12.20 | 17,707 |
| 4 | 1016/23.06.20 | 3,419 | 1650/15.09.20 | 3,564 |
| 5 | 4543/23.06.20 | 1,533 | 3169/28.01.21 | 528 |
| 6 | 603/16.04.20 | 21,739 | | |
| 7 | 6870/11.09.20 | 1,827 | | |
| | ആകെ | 1,57,021 | ആകെ | 50,177 |

പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 92,979/- രൂപയുടെയും പരിരക്ഷ മരുന്ന് വാങ്ങൽ പദ്ധതിയിൽ 9,823/- രൂപയുടെയും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.. ആയത് ലഭിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 02/04.02.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1,02,802/- രൂപ തടസം ചെയ്യുന്നു.

1-21 വാർഡ് തല ശുചീകരണ പ്രവർത്തനങ്ങളുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

വാർഡ് തല ആരോഗ്യശുചിത്വ പോഷക സമിതിക്ക് ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള പഞ്ചായത്ത് വിഹിതമായി 21900132/16.05.2019 വൗച്ചർ പ്രകാരം 95,000/- രൂപ (19 വാർഡുകൾക്ക് 5,000/- രൂപ വീതം) പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വാർഡ്തല വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയതിൽ വാർഡ് 1, 2, 10, 11, 14, 17, 18 എന്നീ വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 04/09.02.2021 മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ഈ വാർഡുകൾക്ക് നല്കിയ 35000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 01.03.2021 മുതൽ 10.03.2021വരെ | കെ.എസ്.എ.എം.പി.എം. /24/570/2021 തിയതി 25-03-2021. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 600000 | 22 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 180000 | 139 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 0 | 180000 |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | 22 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 552000 | 48000 |
| | 300000 | 244 | പശുവിൻപാൽ വിതരണത്തിന് സബ്സിഡി | 300000 | 0 |
| | 180000 | 139 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 180000 | 0 |
| | 85000 | 3 | നെൽകൃഷിക്ക് കൂലിച്ചെലവ് - സബ്സിഡി | 28900 | 56100 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവ്വഹണ ഏജൻസി | Project No | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 82 | വിവിധ സ്ഥലങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 18151152010000457334 | 320511 | 320511 | പൂർത്തീകരിച്ചു. UC No. DB/AKM/19-20/28, Dt:19/06/2019 | 0 |
| കേരളാ സ്റ്റേറ്റ് | 135 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 18151152010000457337 | 350807 | 350807 | ഭാഗികമായി പൂർത്തീകരിച്ചു | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | | | | | | | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 172 | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 181511520100005166 92<br>181511520100007706 99<br>181511520100009638 35 | 3098154 | 3098154 | ഭാഗികമായി പൂർത്തീകരിച്ച | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 220 | സമ്പൂർണ്ണ വൈദ്യുതീകരണം | 18151152010000457339 | 353632 | 353632 | പൂർത്തീകരിച്ചു. | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 222 | പി എച്ച് സി റോഡിൽ ത്രീ - ഫേസ് സ്ഥാപിക്കൽ | 18151152010000457338 | 246461 | 246461 | പൂർത്തീകരിച്ചു. UC No. DB/AKM/19-20/28, Dt:19/06/2019 | 0 |
| ആകെ | | | | 4369565 | 4369565 | | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബില്ല് നൽകാത്തതിന്റെ വിവരം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | ഇല്ല | | | | |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Life Mission Housing Scheme | | 4490112 | 0 | 0 | 0 | 4490112 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2534479 |
| തൻവർഷം നിക്ഷേപിച്ച തുക | 177414 |
| ആകെ | 27118893 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2711893 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

2019-20

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, കുട്ടിലഞ്ഞാടി<br>രസീത് നം. 0170110 തിയ്യതി 16/02/2016 | 2711893 | നിലവിലുള്ള സ്ഥിര നിക്ഷേപം പുതുക്കി വരുന്നു |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1997-98 | 5 | 45 | Secretary | 119040100049, Dt:06/04/2019 |
| 2007-10 | 2-2 | 300 | Asharaf FormerSecretary | 1190401402145, Dt: 29/07/2019 |
| 2007-10 | 2-2 | 180 | Divakaran | 119040102149 Dt: 29/07/2019 |
| 2007-10 | 2 -2 | 180 | Santhosh Kumar | 119040102150 Dt:29/07/2019 |
| 2016-17 | 3-3 | 14556 | Johoson.P, AE | 119040102960, Dt:09/08/2019 |
| 2017-18 | 2-3 | 300 | Vineetha | 119040104411, Dt:02/11/2019 |
| 2017-18 | 2-3 | 300 | Vineetha | 119040104412, Dt:02/11/2019 |
| 2017-18 | 2-3 | 600 | Shalini | 119040104413, Dt:02/11/2019 |
| 2002--03 | 3-15 | 39 | A.Dasan | 119040109335, Dt:19/02/2020 |
| 2006-07 | 2-1 | 220 | Secretary | 119040109322, Dt:19/02/2020 |
| 2002-03 | 3-17 | 39 | A.Dasan | 119040109336, Dt:19/02//2020 |
| 2018-19 | 15 | 8688 | C.K. Muhamed Safeer | 119040110338, Dt:19/03/2020 |
| 2018-19 | 15 | 2380 | C.K. Muhamed Safeer | 119040110348, Dt:19/03/2020 |
| 2018-19 | 9 | 7748 | Head Master, GUP School | 119040110363, Dt:19/03/2020 |
| 2018-19 | 7 | 17603 | E.Mansoorbabu | 119040110428, Dt:20/03/2020 |
| Total | | 53178 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2003-04 ഖണ്ഡിക 3(9) | 2007-08 | പൊതു ആവശ്യത്തിന് സ്ഥലം വാങ്ങൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | നടപടി തുടരുന്നു |
| 2014-15 ഖണ്ഡിക 2(3) | 2016-17 | ഖണ്ഡിക 2(3) തനത് വരുമാനം | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 16986462 |
| ഓഡിറ്റ് വർഷത്തെ വരവ് | 76017659 |

| | |
|---|---|
| ആകെ | 93004121 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 83818371 |
| നീക്കിയിരിപ്പ് | 9185750 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 469962 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല. | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 332160 | വിനോദ്കുമാർ.പി , ഹെഡ്മാസ്റ്റർ |
| 1-20 | 102802 | ഡോ.നൗറിൻ.എം, മെഡിക്കൽ ഓഫീസർ |
| 1-21 | 35000 | ഡോ.നൗറിൻ.എം, മെഡിക്കൽ ഓഫീസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1968-69 | എൽഎഫ് എം 6/1150/86 തിയതി 02-8-1989 | 4 |
| 2 | 1985-86 | എൽ എഫ് എം 6/1276/91 തിയതി 06-05-1992 | 24 |
| 3 | 1986-87<br>1987-88 | എൽഎഫ് എം 6/1027/92 തിയതി 19-03-1999 | 20 |
| 4 | 1988-89<br>1989-90 | എൽഎഫ് എം 6/312/94 തിയതി 21-6-1994 | 13 |
| 5 | 1990-91 | എൽ എഫ് എം 6/70/95 തിയതി 09-05-1995 | 20 |
| 6 | 1991-92 | എൽ എഫ് എം 6/410/93 തിയതി 13-10-1993 | 20 |
| 7 | 1992-93<br>1993-94<br>1994-95 | എൽഎഫ് എം 4/1056/97 തിയതി 07-04-1999 | 93 |
| 8 | 1995-96 | എൽഎഫ് എം 11/374/04 തിയതി 04-05-2004 | 16 |
| 9 | 1996-97 | എൽഎഫ് എം 11/375/04 തിയതി 04-05-2004 | 22 |
| 10 | 1997-98 | എൽഎഫ് എം 11/373/04 തിയതി 05-05-2004 | 34 |
| 11 | 1998-99 | എൽ എഫ് എം 11/494/04 തിയതി 04-02-2005 | 2 |
| 12 | 1999-00 | എൽഎഫ് എം 11/1178/04 തിയതി 06-07-2005 | 46 |
| 13 | 2000-01 | എൽ എഫ് എം 11/1284/04 തിയതി 01-07-2005 | 35 |
| 14 | 2001-02 | എൽ എഫ് എം 11/1285/04 തിയതി 05-07-2004 | 61 |
| 15 | 2002-03 | എൽഎഫ് എം 11/1622/04 തിയതി 26-04-2005 | 20 |
| 16 | 2003-04 | എൽഎഫ് എം 12/1970/06 തിയതി 13-06-2007 | 12 |

| | | | |
|---|---|---|---|
| 17 | 2004-05 | എൽഎഫ് എം 12/1883/07 തിയതി 10-10-2007 | 10 |
| 18 | 2005-06 | എൽ എഫ് എം 12/1884/07 തിയതി 10-10-07 | 16 |
| 19 | 2006-07 | എൽഎഫ് എം 12/1935/11 തിയതി 15-11-2011 | 32 |
| 20 | 2007-10 | എൽഎഫ് എം 13/1625/12 തിയതി 21.07.2012 | 14 |
| 21 | 2010-11 | എൽഎഫ് എം 13/873/13 തിയതി 10-06-2013 | 18 |
| 22 | 2011-12<br>2012-13 | എൽഎഫ് എം 24/1106/2015 തിയതി 30-06-2015 | 7 |
| 23 | 2013-14<br>2014-15 | കെ എസ് എ എംപിഎം 24/2102/2016തിയതി 01-07-2017 | 17 |
| 24 | 2015-16 | കെ.എസ്.എ.എം.പി.എം.-24/27/2017 തിയ്യതി: 24-02-18 | 18 |
| 25 | 2016-17 | കെ.എസ്.എ.എം.പി.എം.24/2032/2017 തിയ്യതി: 28-04-18 | 28 |
| 26 | 2017-18 | കെ.എസ്.എ.എം.പി.എം.24/518/2020 തിയ്യതി:21-05-2020 | 16 |
| 27 | 2018-19 | കെ.എസ്.എ.എം.പി.എം.24/518/2020 തിയ്യതി: 21-05-2020 | 10 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്